PROCEEDINGS
of
THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY.

SECOND SESSION

VOL. II—No. 10.

Monday the 16th August 1948/32nd Karkadagom 1123.

The Travancore Legislative Assembly met again in the Legislative Chamber, Public Offices, at eleven of the clock on Monday the 16th August 1948/32nd Karkadagom 1123, the President (the Hon'ble Mr. A. J. John) in the Chair.

QUESTIONS AND ANSWERS.

MR. P. M. VARGHESE (*Thodupuzha II—General*) : സർ, ചോദ്യോത്തരങ്ങൾ തുടങ്ങുന്നതിനുമുൻപു എനിക്ക് ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായുണ്ട്. ഇവിടെ എല്ലാ മെമ്പറന്മാരും ചോദ്യങ്ങൾ അയച്ചിട്ടുണ്ടെങ്കിലും ചിലരുടെ ചോദ്യങ്ങൾക്കുമാത്രമാണ് മറുപടി പറഞ്ഞിട്ടുള്ളൂ. ഇതു സംബന്ധിച്ച് ഇതിനുമുൻപുതന്നെ പല മെമ്പറന്മാരും ഈ സഭയിൽ പരാതി പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ഉത്തരം പറയുന്ന രീതി കണ്ടാൽ, ചിലരുടെ ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ഗവണ്മെൻറു തയാറില്ല എന്നു തോന്നിപ്പോകും. ചിലർ അയച്ച ചോദ്യങ്ങൾക്കു എല്ലാറ്റിനും ഉത്തരം പറഞ്ഞുകഴിഞ്ഞു. ഇനി അവക്കു ഉത്തരം പറയേണ്ടതായി ഒരു ചോദ്യവും ശേഷിക്കുന്നില്ല. എന്നാൽ മറുള്ളവർ അയച്ചിട്ടുള്ള ചോദ്യങ്ങളിൽ ഒരു ചോദ്യത്തിനു പോലും ഉത്തരം പറയാതെയുമുണ്ട്. ഇവിടെ ബഡ്ജറു വിമർശനം നടന്നസന്ദർഭത്തിൽ എത്രാനംപേർക്കു പ്രസംഗിക്കുവാൻ അവസരം കിട്ടി. ചിലർക്കു കിട്ടിയില്ല. എന്നാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെടുമ്പോൾ എങ്കിലും പ്രസംഗിക്കുവാൻ അവസരം ലഭിച്ചിട്ടില്ലാത്തവർക്കു കൂടുതൽ പരിഗണന ലഭിക്കുമെന്നു വിചാരിച്ചു. അപ്പോഴും,

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. M. Varghese]

വിശേഷിച്ചും ജനറൽ അഡ്മിനിസ്ട്രേഷനെപ്പറ്റിയുള്ള ഖണ്ഡനോപക്ഷേപം ചർച്ചചെയ്ത അവസരത്തിലും, മൻപ് പ്രസംഗിക്കുവാൻ അവസരം കിട്ടിയിരുന്നവർക്കാണ് വീണ്ടും അവസരം ലഭിച്ചുള്ളത്. ഇതെല്ലാം കൂടി നോക്കുമ്പോൾ ഇങ്ങനെയുള്ള കാര്യത്തിൽ എന്തോ ഒരു തരം തിരിപ്പു കാണിക്കുന്നില്ലേ എന്നു തോന്നിപ്പോകുന്നു.

MR. PRESIDENT : ആർഡർ, ആർഡർ. പ്രസിഡൻറ് തരം തിരിവായി പ്രവർത്തിച്ചു എന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്?

MR. P. M. VARGHESE : പ്രസിഡൻറ് അതു ചെയ്തു എന്നു ഞാൻ പറയുന്നില്ല. എൻറെ പ്രധാനമായ ആക്ഷേപം ചോദ്യങ്ങൾക്കുള്ള ഉത്തരം പറയുന്നതിനെ സംബന്ധിച്ചാണ്.

MR. PRESIDENT : ഇതു സംബന്ധിച്ചു ഞാൻ ഇതിനുമുൻപും പറഞ്ഞിട്ടുണ്ട്. ഉത്തരങ്ങൾ കിട്ടിയിട്ടുള്ള ചോദ്യങ്ങൾ എല്ലാം അജൻറായിൽ ചേർത്തിട്ടുണ്ട്. അതിൽ കവിഞ്ഞൊന്നും എനിക്കു അതിനെപ്പറ്റി പറയുവാനില്ല.

കട്ട്മോഷനെ സംബന്ധിച്ചാണെങ്കിൽ ഓരോ ഗ്രൂപ്പിനും കട്ട്മോഷൻ അയച്ചിട്ടുള്ളവരുടെ പേരുകൾ ഇവിടെ വിളിക്കാതിരുന്നിട്ടുണ്ട്. ഈ സഭയുടെ അഭിപ്രായമനുസരിച്ചാണ് അങ്ങനെ ചെയ്തിട്ടുള്ളത്. ടോട്ടൽ കട്മോഷൻ പര്യാലോചനയ്ക്കു എടുത്താൽ മതിയാകുമെന്നു സഭ അഭിപ്രായപ്പെട്ടതനുസരിച്ച് അതിനാവശ്യപ്പെട്ടിട്ടുള്ള മെമ്പറന്മാരുടെ പേരുകൾ ആദ്യം വിളിക്കുകയും, അതുകഴിഞ്ഞു് മറ്റുള്ളവർക്കുകൂടി സംസാരിക്കുവാൻ സമയം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ജനറൽ അഡ്മിനിസ്ട്രേഷനെ സംബന്ധിച്ചുള്ള കട്ട്മോഷൻ വന്നപ്പോൾ, തമിഴ്നാട് കോൺഗ്രസുപാർട്ടിയുടെയും, മുസ്ലീംലീഗുപാർട്ടിയുടെയും അപേക്ഷയനുസരിച്ച് അവർക്കു ആദ്യം സമയം കൊടുത്തു. പാർലമെൻററി പ്രാക്ടീസു, പ്രതിപക്ഷകക്ഷികൾക്ക് മുൻഗണന കൊടുക്കുക എന്നുള്ളതാണ്. ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയേണ്ട ചുമതല മന്ത്രിമാർക്കുള്ളതാണ്. അവർ ഉത്തരം പറഞ്ഞില്ലെങ്കിൽ അവരെ നിർബന്ധിക്കാൻ എനിക്കവകാശമില്ല. മേലാൽ ചോദ്യങ്ങൾക്കു ഏതെങ്കിലും ഒരു രീതി സ്വീകരിച്ച് അതിൻപ്രകാരം ഒരു ലിസ്റ്റ് തയ്യാറാക്കണമെന്നാണ് ഉദ്ദേശിക്കുന്നതു്. ഉത്തരം പറഞ്ഞില്ലെങ്കിൽ ആ വിവരം സഭയെ അറിയിക്കാം. ഇതിനെപ്പറ്റി ഇതിൽക്കൂടുതലായി എനിക്കൊന്നും പറയുവാനില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. P. T. CHACKO (*Kottayam II—General*) : സർ, എനിക്ക് മറൊരു പോയിൻറ് ഓഫ് ഓർഡറുണ്ട്. അതു ഈ വിഷയത്തെ സംബന്ധിച്ചാണെങ്കിലും കാര്യം അതല്ല. ചോദ്യങ്ങൾ അയച്ചിട്ടുള്ളതു തന്നെ മുൻനിരിച്ച് ഉത്തരം പറയേണ്ട തീയതിക്കുടി കാണിച്ചുകൊണ്ടാണ്. എന്നാൽ ആ തീയതിക്ക് ഉത്തരം പറയുന്നില്ല. അതേ ചോദ്യംതന്നെ മറൊരു ദിവസത്തേക്കു മാറി ഉത്തരം പറയുന്നു. അങ്ങനെ മറൊരു ദിവസത്തേക്കു മാറണമെങ്കിൽ അതിനു പ്രത്യേകം നോട്ടീസു വേണമെന്നാണു വ്യവസ്ഥ. ഇന്ന് ഉത്തരം പറയാൻ വച്ചിരിക്കുന്ന ആദ്യത്തെ ചോദ്യംതന്നെ വ്യാഴാഴ്ചത്തെ ചോദ്യമാണ്. ആ ചോദ്യം വ്യാഴാഴ്ച ഉത്തരം പറയേണ്ട ചോദ്യമാണ്. അന്ന് ഉത്തരം നൽകാതെ ഇന്നത്തേക്ക് ഉത്തരം പറഞ്ഞിരിക്കുന്നു. അങ്ങനെ മാറണമെങ്കിൽ പ്രത്യേകം നോട്ടീസു വേണമെന്നാണു തോന്നുന്നത്. മാത്രമല്ല, ബുധനാഴ്ച ഉത്തരം പറയണമെന്നു കാണിച്ച് അയച്ചിട്ടുള്ള ചോദ്യങ്ങൾ ധാരാളമുണ്ട്. ആ ചോദ്യങ്ങൾക്ക് ഉത്തരം പറയാതെ വ്യാഴാഴ്ച ഉത്തരം നൽകണമെന്നു കാണിച്ച് അയച്ചിട്ടുള്ള ചോദ്യങ്ങൾക്കു ഉത്തരം പറയുന്നതു് ആർഡറിലാണോ എന്നു അറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : അതു സംബന്ധിച്ച് May's Parliamentary Practice-ൽ കാണുന്നതു നോട്ടീസു അയച്ചിരിക്കുന്ന തീയതികളിൽ തന്നെ ഉത്തരം പറയണമെന്നും, ആ തീയതി മാറേണ്ടതായുണ്ടെങ്കിൽ അതിന് പ്രസിഡൻറിൻെറ അനുവാദം വാങ്ങിച്ചിരിക്കണമെന്നുമാണ്.

MR. K. A. MATHEW (*Thiruvalla IV—General*) : അങ്ങനെ പ്രസിഡൻറിൻെറ അനുവാദം വാങ്ങിച്ചിട്ടുണ്ടോ?

MR. PRESIDENT : ഇല്ല.

MR. P. T. CHACKO : അതുകൊണ്ടു ഇന്നത്തേയ്ക്ക് വച്ചിരിക്കുന്ന ചോദ്യങ്ങൾക്കല്ലേ ഇപ്പോൾ ഉത്തരം പറയേണ്ടതു്?

MR. PRESIDENT : സാധാരണ പതിവു്, ഇതായതുകൊണ്ടു ഇപ്പോൾ അജൻറായിൽ ചേർത്തിട്ടുള്ള ചോദ്യങ്ങൾക്കു ഉത്തരം പറയാം.

തോട്ടപ്പള്ളി തടിപ്പാലം.

324. MR. MOHAMED MUSTAFA (*Pathanapuram—Muslim Reserved*). താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly